ഉത്തരം

(എ) കേരള സോപ്പ്സ് ആൻറ് ഓയിൽസിലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകുന്നതിനായി 567 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 74 ജീവനക്കാർക്ക് എസ്.എസ്.എൻ.പി. പ്രകാരം പിരിഞ്ഞുപോകുന്നതിലേയ്ക്കായി 162.85 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. കൂടാതെ 93 ജീവനക്കാർക്ക് വി.ആർ.എസ്. അഡ്വാൻസായി 9.70 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ബി, സി) നിലവിലുള്ള 221 ജീവനക്കാരിൽ 74 പേർ വി.ആർ.എസ്./എസ്.എസ്.എൻ.പി. പ്രകാരം പിരിഞ്ഞുപോയിട്ടുണ്ട്.

(ഡി) ജീവനക്കാരിൽ 54 പേർ ഡെപ്യൂട്ടേഷനിൽ പോയിരിക്കുകയാണ്.

(ഇ) വി.ആർ.എസ്/എസ്.എസ്.എൻ.പി. പ്രകാരം പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് കുടിശ്ശിക നൽകുവാനുള്ള ശമ്പളം മുതലായവ നൽകുന്നതു സംബന്ധിച്ച്, ഇക്കാര്യത്തിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

തിരുവനന്തപുരം ടെക്നോപാർക്കിന്റെ പ്രവർത്തനം

21 [2889] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്ക് എന്നാണ് പ്രവർത്തനം ആരംഭിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1991-ൽ എത്ര സ്ഥാപനങ്ങളാണിവിടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്നത്;

(സി) 1996-ൽ എത്ര സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്നു;

(ഡി) 2001-ൽ എത്ര സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) തിരുവനന്തപുരം ടെക്നോപാർക്ക് 1994 ജൂലൈയിലാണ് പ്രവർത്തനം ആരംഭിച്ചത്.

(സി) 1996-ൽ 9 കമ്പനികൾ പ്രവർത്തിച്ചിരുന്നു.

(ഡി) 2001-ൽ 45 കമ്പനികൾ ഉണ്ടായിരുന്നു.

ഹാൻറക്സിന്റെ വിപണന കേന്ദ്രങ്ങൾ

22 [2891] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാൻറെക്സിന് എത്ര വിപണന കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് വിപണന കേന്ദ്രങ്ങൾ ഉള്ളത്;

---

ചോദ്യം നമ്പർ 2890-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.



LIBRARY ARCHIVES Kerala Legislative Assembly

(സി) പാർസൂരിലെ വിപണനകേന്ദ്രം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ വാടക കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) മുഴുവൻ കുടിശ്ശികയും എപ്പോൾ കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 146 വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) കണ്ണൂർ ടൗണിൽ അഞ്ചു ഡിപ്പോകളും, തലശ്ശേരിയിൽ രണ്ടും ചെറുപുഴ, പഴയങ്ങാടി, പയ്യന്നൂർ, തളിപ്പറമ്പ്, കൂത്തുപറമ്പ്, ഇരിട്ടി, പാനൂർ, ഒട്ടന്നൂർ എന്നീ സ്ഥലങ്ങളിൽ ഓരോ യൂണിറ്റ് വീതവും പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വാടക കുടിശ്ശിക 49,800 രൂപയാണ്.

(ഇ) കെട്ടിടത്തിന്റെ ഉടമസ്ഥ മരണപ്പെട്ടതിനുശേഷം നിയമാനുസൃത അവകാശികൾ ഹാജരാകാത്തതിനാലാണ് വാടക കുടിശ്ശികയായത്. നിയമാനുസൃത അവകാശികൾ ഹാജരാകുമ്പോൾ കുടിശ്ശിക കൊടുത്ത് തീർക്കുന്നതാണ്.

റെഡിമെയ്ഡ് തുണിത്തരങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾ

23 [2892] ശ്രീ. യു. സി. രാമൻ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ചെർക്കളം അബ്ദുള്ള:
,, ഇസ്ഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെഡിമെയ്ഡ് തുണിത്തരങ്ങൾ കയറ്റുമതി ചെയ്യുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്;

(ബി) ഓരോ ജില്ലയിലും എത്ര;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം ലഭിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഈ വർഷം നൽകിയ ധനസഹായത്തിന്റെ വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 114 സ്ഥാപനങ്ങൾ റെഡിമെയ്ഡ് തുണിത്തരങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly